കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിയൂർ ഗ്രാമപഞ്ചായത്ത്

2015-2016

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ് .എ-ടി.എസ് ആർ(പി.1)2128/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ –680 020
ഫോൺ: 0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയതി:25.01 .2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :പടിയൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് ************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2, 3-3, 3-16 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ് ആർ (പി-1)2128/2016 തിയ്യതി:25.01.2017

## തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ

## 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.01.16 മുതൽ 24.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് . സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.11.16 മുതൽ 08.12.16 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി.എ.ശിവൻ. (29.11.16 ഒഴികെ) (ഓഡിറ്റ് ഓഫീസർ,) |
| | ശ്രീമതി.സീനത്ത്.പി.എ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.മീര.ടി. (അസി.ഓഡിറ്റ് ഓഫീസർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ബേബി ലോഹിതാക്ഷൻ | 1.4.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1.11.15മുതൽ 11.11.15 വരെ |
| | കെ.സി.ബിജു | 12.11.15മുതൽ 31.3.16വരെ |
| സെക്രട്ടറി | ഇ.ജെ.ഫോർബി | 1.4.2015 മുതൽ 31.3.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | എൻ.രഘുകുമാർ. | 1.04.15 മുതൽ 09.06.15വരെ |
| | ആർ.നന്ദകുമാർ | 29.06.15മുതൽ 31.03.16 വരെ (10.06.15-28.06.15 ഒഴിവ്) |
| | മിനി.സി.എസ്. | 21.08.15മുതൽ 15.09.15 വരെ |

| | | |
|---|---|---|
| | | (5.8.15-20.8.15 ഒഴിവ്) |
| | സന്തോഷ് കുമാർ.എം.ജി. | 16.09.15മുതൽ 31.03.16 വരെ |
| കൃഷിഓഫീസർ | സോഫിയ.എ.ജോൺ. | 1.04.15മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രുതി.എൻ.സുബ്രഹ്മണ്യൻ | 1.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലവീന | 1.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.രജിത.ടി. | 1.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | രജിത.കെ.ആർ | 1.04.15മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.കിരൺമേനോൻ | 1.04.15മുതൽ 31.03.16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിഷ.സി. | 1.04.15മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലളിത.കെ.കെ | 1.04.15മുതൽ 31.03.16വരെ |
| വി.ഇ.ഒ ,പടിയൂർ സർക്കിൾ | അബ്രോസ് മൈക്കിൾ.കെ | 1.04.15 മുതൽ 20.07.15 വരെ (20.07.15മുതൽ 21.9.15വരെഒഴിവ്) |
| | അമൽരാജ് | 22.09.15മുതൽ 31.03.16 വരെ |
| വി.ഇ.ഒ, എടതിരിഞ്ഞി സർക്കിൾ | സെബിൻ.എൽ.ടി | 1.04.15മുതൽ 3.09.16 വരെ |
| | ജാസ്മിൻ.സി.എ. | 4.09.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി -നിയമനം അംഗീകരിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല. | 2-1 |
| 13 | പീസ് പബ്ലിക്ക് സ്കൂൾ കെട്ടിട നിർമ്മാണം -ആധികാരികത ഉറപ്പുവരുത്തേണ്ടതാണ് | 2-2 |
| 14 | പീസ് പബ്ളിക്ക് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത കെട്ടിട നിർമ്മാണം | 2-3 |
| 15 | വസ്തു നികുതി ,മത്സ്യക്കാപ്പ് ലേലം എന്നീ ഇനങ്ങളിൽകുടിശ്ശിക | 2-4 |
| | ഭാഗം -3 | |

| | | |
|---|---|---|
| 16 | ടെണ്ടർ നടപടിക്ക് മുംപേ പൂർത്തീകരിച്ച പ്രവൃത്തിയിൽ വിജിലൻസ് കേസ് | 3-1 |
| 17 | ടെണ്ടർ കുറവ് വരുത്തിയില്ല- കരാറുകാറന് കൂടുതൽ നൽകിയ തുക തിരിച്ചടച്ചു. | 3-2 |
| 18 | നിരക്കുകൾ വെട്ടിത്തിരുത്തി | 3-3 |
| 19 | അംഗൻവാടികളിൽ ഭൗതികപരിശോധന- അപാകതകൾ | 3-4 |
| 20 | പോത്താനി കല്ലന്തറ റോഡ് മെറ്റലിങ് ടാറിങ് -നടപടിക്രമങ്ങിലെ അപാകതകൾ | 3-5 |
| 21 | പൊതു അവധി ദിവസങ്ങളിൽ അളവെടുക്കൽ ബിൽ സൂക്ഷ്മപരിശോധന | 3-6 |
| 22 | മരാമത്ത് പരമാവധി പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ് | 3-7 |
| 23 | ടാറിങ് ഉൾപ്പെടാത്ത റോഡ് പ്രവൃത്തി | 3-8 |
| 24 | ചലാൻ ലഭ്യമാക്കിയിട്ടില്ല | 3-9 |
| 25 | .മീഡിയാശ്രീ - വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-10 |
| 26 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ആവശ്യമായ തുക വകയിരുത്തിയിട്ടില്ല | 3-11 |
| 27 | കന്നുകുട്ടി പരിപാലനപദ്ധതി -വിനിയോഗവിവരം ലഭ്യമല്ല. | 3-12 |

| | | |
|---|---|---|
| 28 | ഐ.എ.വൈ.(എസ്.സി) പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-13 |
| 29 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മുഴവൻ മരുന്നുകളും ലഭ്യമായില്ല | 3-14 |
| 30 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 3-15 |
| 31 | വെള്ളക്കരം ഭീമമായ കുടിശ്ശിക,പിഴപ്പലിശ | 3-16 |
| 32 | ലോഗ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 3-17 |
| 33 | ആസ്തിരജിസ്റ്റർ | 3-18 |
| 34 | തൊഴിലുറപ്പ് പദ്ധതി | 3-19 |
| | ഭാഗം-4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 23.02.16 തിയതിയിലെ 2-ാം.നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് -86578100/-

പ്രതീക്ഷിത ചെലവ് -83965000/-

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2016 | 14.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന.

2015-16 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ആസ്തി രജിസ്റ്റർ കാലികമല്ല.

2)നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി,ബാധ്യതവിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12732256 /- |

| | |
|---|---|
| വരവ് | 27454721 |
| ആകെ | 40186977 |
| ചെലവ് | 35808867 |
| നീക്കിയിരിപ്പ് | 4378110 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 849931 | 6443881 | 7293812 | 7293812 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 2212671 | 2588369 | 4801040 | 4801040 | 1648425 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9000 | 9000 | 9000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1918 | 2274484 | 2276402 | 2811360 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1536674 | 1845387 | 3382061 | 3382061 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 977097 | 4607792 | 5584889 | 5584889 | 1625670 | |
| പെർഫോമൻസ് ഗ്രാന്റ് | 2178206 | 746924 | 2925130 | 2925130 | 1426968 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 10051755 | 10051755 | 10049594 | 0 | 2161 |
| ബി ഫണ്ട് | 0 | 17379293 | 17379293 | 17379293 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 35595660 | 94 | 25607028 | 6 | 18 | 79.66 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52.95 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3741980 | 1412026 | (-)2329954 | (-)62.26 |
| നികുതിയേതര വരവുകൾ | 836078 | 741572 | (-)94506 | (-)11.3 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 4578058 | 2153598 | (-)2424460 | (-)52.95 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55800 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 4033770 | 533 |
| വിധവാപെൻഷൻ | 5292480 | 567 |
| വാർദ്ധക്യകാലപെൻഷൻ | 5656680 | 733 |
| വികലാംഗപെൻഷൻ | 1670785 | 184 |
| അവിവാഹിത പെൻഷൻ | 441720 | 41 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.16ന് 3.00 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4057/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

i)രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ii).ഡി&ഒ ഫീസിനത്തിൽ കുറവ് ഈടാക്കിയ 800 രൂപ, ഓഡിറ്റ് എൻക്വയറി (6/7-12-16) നൽകിയതിന്റെ അടിസ്ഥാനത്തിൽ, രശീതി നം 11605102455/8-12-16 പ്രകാരം അടവാക്കി

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.16, 19.11.16 | ഒക്ടോബർ 2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-7-10മുതൽ 31-7-10വരെ | 2004-2005മുതൽ 2009-2010വരെ | 13-9-2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി -നിയമനം അംഗീകരിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല

നിയമനം അംഗീകരിച്ചിട്ടില്ലെന്ന കാരണത്താൽ ഡോൺ ബോസ്കോ ഇ.പി.എസ്. സ്കൂളിലെ താഴെ പറയുന്നവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| പേര് | ഉദ്യോഗപേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| ബ്ലോണ്ടിഷ് ഫെർണാണ്ടസ് | എൽ.പി.എസ്.എ. | 1,2അർദ്ധവർഷം |
| ജൂഡിറ്റ്. ജെ.ബിവേറ | എൽ.പി.എസ്.എ | 1,2അർദ്ധവർഷം |
| നിമ്മി.ടി.ജോസഫ്. | എൽ.പി.എസ്.എ | 1,2അർദ്ധവർഷം |
| നിധിൻ.പി.ജോസ്. | എൽ.പി.എസ്.എ | 1,2അർദ്ധവർഷം |

നിയമനം അംഗീകരിക്കുന്ന മുറക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 പീസ് പബ്ലിക്ക് സ്കൂൾ കെട്ടിട നിർമ്മാണം -ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്

പടിയൂർ വില്ലേജിൽസർവേ നമ്പർ 230/3,230/5,232/1 ൽ ഉൾപ്പെട്ട 11509.67ചതുരശ്ര മീറ്റർ സ്ഥലത്ത് 6389.67 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവും ഗ്രൂപ്പ് B വിഭാഗത്തിൽ ഉൾപ്പെട്ട (നിലവിലെ പീസ് പബ്ളിക്ക് സ്കൂളിലെ കോമ്പൗണ്ടിൽ)പുതിയ G+2 നിലകളുള്ളസ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ .മുഹമ്മദ് അഷറഫ്, മുളംപറമ്പിൽ, പടിയൂർ എന്നയാൾക്ക് പഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് നൽകി (പെർമിറ്റ് നം.H.184/14 തീയതി 8-9-15). സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന കാര്യങ്ങൾ സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

1. പടിയൂർ വില്ലേജ് ഓഫീസറുടെ 40/14നം ഉടമസ്ഥാവകാശ സാക്ഷ്യപത്ര പ്രകാരം സർവേ നമ്പർ , 230/5ൽ ഉൾപ്പെട്ട 1.4676 ഹെക്ടർ സ്ഥലം 'നിലം' എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന്പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

2.ജില്ലാ ടൗൺപ്ളാനറുടെ 51/2015 നം ലേഔട്ട് ഉത്തരവിൽ , നിർദിഷ്ട നിർമ്മാണം KPBR 2011, 2014(ഭേദഗതി )ഏന്നിവയിലെ മുഴവൻ ചട്ടങ്ങൾക്കും,2008ലെ നെൽവയൽതണ്ണീർത്തടസംരക്ഷണ നിയമങ്ങൾക്ക് അനുസൃതമായും ആയിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഈ വിഷയത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. ഒക്യുപൻസി അനുവദിച്ച ശേഷം അധികൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 പീസ് പബ്ലിക്ക് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത കെട്ടിട നിർമ്മാണം

7-12-15 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ പീസ് പബ്ളിക്ക് സ്കൂൾ കോമ്പൗണ്ടിൽ മതിലിനോട് ചേർന്ന് ഒരു സെക്യൂരിറ്റി കെട്ടിടം നിർമ്മിച്ചതായിക്കണ്ടു. ആയത് അളന്ന് തിട്ടപ്പെടുത്തി അറിയിക്കേണ്ടതാണ്. KPBR 2011, 2014 (ഭേദഗതി

ചട്ടം,28ൽ നിർദേശിക്കുന്ന പ്രകാരം റോഡിൽ നിന്ന് 2 മീറ്റർ സെറ്റ്ബാക്ക് പാലിക്കാതെയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന് പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ല. അനധികൃതകെട്ടിടനിർമ്മാണം ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി ,മത്സ്യക്കാപ്പ് ലേലം എന്നീ ഇനങ്ങളിൽകുടിശ്ശിക

2015-2016 വർഷത്തിൽ വസ്തു നികുതി, മത്സ്യക്കാപ്പ് ലേലം എന്നീ ഇനങ്ങളിലെ കുടിശ്ശിക സംബ്ബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വസ്തു നികുതി -1227316/- (2010-2011 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ കുടിശ്ശിക)

മത്സ്യക്കാപ്പ് ലേലം -166098

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരം ഏതെങ്കിലും നികുതിയ്ക്കോ മറ്റ് സംഖ്യക്കോ ഉള്ള ജപ്തി നടപടികൾ, ആയത് സംബന്ധിച്ച പ്രോസിക്യൂഷൻ നടപടികൾ ആദ്യമേ തുടങ്ങിയാൽ, അപ്രകാരം തുടങ്ങുന്ന തിയതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ നടത്തുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 243(2) വകുപ്പ് അനുസരിച്ച് നികുതിയോ ഫീസോ കൊടുക്കുവാൻ ബാദ്ധ്യസ്ഥനായ ഒരാൾ എന്തെങ്കിലും കാരണത്താൽ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടാൽ സെക്രട്ടറി ആയത് ചുമത്തേണ്ടിയിരുന്ന തിയ്യതി മുതൽ 4 വർഷത്തിനുള്ളിൽ ഏതു സമയത്തും മേൽ പറഞ്ഞ വ്യക്തിക്ക് നോട്ടീസ് കൊടുക്കാവുന്നതും ആയത് കൊടുക്കുന്ന തിയ്യതി മുതൽ 15 ദിവസങ്ങൾക്കകം പണമടക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

വകുപ്പ് 243(3) അനുസരിച്ച് യഥാസമയം നടപടികൾ എടുക്കാത്തത് മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെടുകയോ നിയമാനുസൃതമായ അന്വേഷണത്തിലൂടെ അത് നഷ്ടപ്പെടുകയോ ചെയ്താൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ നിരക്കിൽ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന് വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2010-11 വർഷം 9400/- രൂപയും 2011-12 വർഷം 11817/- രൂപയും 2012-13 വർഷം 52244/- രൂപയും പിരിഞ്ഞ് കിട്ടുവാനുണ്ട്. ഈ തുക പിരിച്ചെടുക്കുവാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് നഷ്ടപ്പെടുവാൻ കാരണക്കാരനായ ഉദ്യോഗസ്ഥൻ ആരെന്ന് നിർണ്ണയിച്ച് അവരിൽ നിന്നും 12 ശതമാനം പലിശ നിരക്കിൽ ഈടാക്കുവാൻ ആവശ്യമായ ഭരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർ നടപടിക്ക് മുമ്പേ പൂർത്തീകരിച്ച പ്രവൃത്തിയിൽ വിജിലൻസ് അന്വേഷണം

പ്രോജക്റ്റ് നം.S0096/16
കുറ്റിലക്കടവ് റോഡ് മെറ്റലിങ് ടാറിങ്, അടങ്കൽ 400000 രൂപ (ലോകബാങ്ക് ധനസഹായം)

സാങ്കേതികാനുമതി- 1/AEE/LSGD/VLGR/12/5/15

4(1)/24/6/15 നം. ഭരണസമിതി തീരുമാനത്തിൽ ലോകബാങ്ക് ഫണ്ട് ഉപയോഗിച്ചുള്ള കുറ്റിലക്കടവ് റോഡ് ടെണ്ടർ നടപടിക്ക് മുമ്പേ പ്രവൃത്തി ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. ഇതടക്കം ആറ് പ്രവൃത്തികളാണ് 19/6/15 ന് ടെണ്ടർ ചെയ്തതെങ്കിലും ആരും തന്നെ ടെണ്ടർഫോമുകൾ വാങ്ങുകയോ ടെണ്ടറിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ല. ഈ റോഡ് ഉൾപ്പെടുന്ന 14 നം. വാർഡിലെ മെമ്പർ മഴക്കാലത്തിന് മുമ്പേ ഇത് അടിയന്തിരമായി തന്റെ നിർദേശപ്രകാരം എം.എം.ഹാഷിം എന്ന കരാറുകാനെക്കൊണ്ട് ചെയ്യിക്കേണ്ടി വന്നതായും 28/5/15 ന് പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 25/5/15 ന് പൂർത്തീകരിച്ചതായാണ് കരാറുകാരൻ അറിയിച്ചിട്ടുള്ളത്. 16/6/15 ന് അസി.എൻജിനീയർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും അയച്ച കത്തിൽ ഈ പ്രവൃത്തിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയതായും ഇതിനെ ടെണ്ടറിൽ നിന്ന് ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്. 47 മീറ്റർ മെറ്റലിങ് നടത്തി ടാറിങ്, 210 മീറ്റർ ടാറിങ് എന്നിവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നത്.

30/7/15 ലെ 5 തീരുമാനത്തിൽ പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തി അപാകതകളില്ലെങ്കിൽ, ചെലവ് വന്ന തുക നൽകാൻ നിയമോപദേശത്തിന് ശുപാർശ ചെയ്തതെങ്കിലും 3 അംഗങ്ങൾ വിയോജിച്ചു. ഈ പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തിയതിന്റെ വിവരങ്ങൾ ഫയലിലില്ല. 10/8/15 ലെ 1(1) നം. തീരുമാനത്തിൽ വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ സംഖ്യ അനുവദിക്കാൻ ചീഫ് എൻജിനീയറുമായി ബന്ധപ്പെടാനും അസി.എൻജിനീയറോട് നിർദേശിച്ചിരുന്നു. പിന്നീട് 11/1/16 ലെ 1 നം. തീരുമാനത്തിൽ വിജിലൻസ് പരാതി നിലവിലുള്ളതിനാൽ, സമയബന്ധിതമായി തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കാനും നിർദേശിച്ചിരുന്നു. പഞ്ചായത്തിന്റേതായ ആസ്തിയിൽ സ്വകാര്യ സ്വത്തെന്ന നിലയിൽ കടന്ന് കയറി അനധികൃതമായി നിർമാണപ്രവൃത്തികൾ നടത്തിയത് ഗ്രാമ പഞ്ചായത്ത് അധികൃതരും നിർവഹണഉദ്യോഗസ്ഥരും ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

# 3-2 ടെണ്ടർ കുറവ് വരുത്തിയില്ല- കരാറുകാരന് കൂടുതൽ നൽകിയ തുക തിരിച്ചടച്ചു.

പ്രോജക്റ്റ് നം. 117/16 വെറ്ററിനറി ഹോസ്പിറ്റൽ അറ്റകുറ്റപ്പണി

അടങ്കൽ -ഒരു ലക്ഷം

കരാറുകാൻ-ശ്രീ.സി.എ. രാജേഷ്, ചക്കാലപ്പറമ്പിൽ ഹൗസ്, പി.ഒ.വള്ളിവട്ടം

കരാർ-32/AE/LSGD/PDR/15-16/14.12.15

നിരക്ക് -6.3% കുറവ്

ബിൽ നം. 33/23.03.2016 -100000

ഡി.ഡി.നം. 718604/29.03.2016 -94000

അളവുപുസ്തകം -29/15-16

ടെണ്ടർ കുറവ് വരുത്താതെയാണ് കരാറുകാന് തുക നല്കിയത്. കരാറുകാരന് നൽകാവുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

പ്രവൃത്തിമൂല്യം 100000

കുറക്കുക ടെണ്ടർ കുറവ് 6.3%-6300

വാറ്റ് 4% 3748

ഐ.ടി. 937

ക്ഷേമനിധിവിഹിതം 937

നൽകാവുന്ന തുക 88078

നൽകിയ തുക 94000

അധികം നൽകിയ തുക-5922 രൂപ

അധികം നൽകിയ തുക രശീത് നം.3/47508/08.12.16 പ്രകാരം അടവാക്കിയിട്ടുണ്ട്.

# 3-3 നിരക്കുകൾ വെട്ടിത്തിരുത്തി

താഴെ പറയുന്ന പ്രവൃത്തികളുടെ ടെണ്ടർ പരിശോധിച്ചപ്പോൾ രേഖപ്പെടുത്തിയ നിരക്കുകൾ കരാറുകാർ വെട്ടിത്തിരുത്തിയതായി കണ്ടു. തുടർന്നു അടങ്കൽ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കുകയും ചെയ്തു.

| ക്രമ നം | പ്രോജക്ട് നം. | അടങ്കൽ തുക | വെട്ടിത്തിരുത്തുന്നതിന് മുമ്പുള്ള നിരക്ക്, | കരാറുകാരൻ |
|---|---|---|---|---|
| 1. | 123/16 ഐ.സി.ഡി.പി സബ് സെന്റർ അറ്റകുറ്റപ്പണി | 236000 | 10.6% കുറവ് | ശ്രീ.എം.ഡി. ജയ്സൺ |
| 2. | 66/16, കിണറുകളുടെ അറ്റകുറ്റപ്പണി | 175000 | 3.7%കുറവ് | ശ്രീ.സി.എ.രാജേഷ് |
| 3. | 119/16 ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 80000 | 4.05% കുറവ് | ശ്രീ.കെ.എസ്.ജോഷി |

ഇവയിൽ ആദ്യ രണ്ട് നിരക്കുകൾ എസ്റ്റിമേറ്റ് നിരക്കിലേക്കും മൂന്നാമത്തെ നിരക്ക് 4.05 അധികനിരക്കിലേക്കുമാണ് തിരുത്തി എഴുതിയിട്ടുള്ളത്.

2012 ലെ കെ.പി.ഡബ്ളിയു.ഡി. മാന്വൽ 2009.2 നം. നിബന്ധനയനുസരിച്ച് കരാറുകാർ വരുത്തുന്ന നിസ്സാരതെറ്റുകൾ അസി.എൻജിനീയർക്ക് മാപ്പാക്കാവുന്നതാണ്. മേൽപ്പറഞ്ഞ തെറ്റുകൾ ഈ കൂട്ടത്തിൽ പെടുന്നതല്ലാത്തതിനാൽ ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കാൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം തെറ്റുകൾ ആവർത്തിക്കുന്ന പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി വിലയിരുത്തുന്നതാണ്.

## 3-4 അംഗൻവാടികളിൽ ഭൗതികപരിശോധന- അപാകതകൾ

5/12/16 ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരായ ശ്രീമതി.സിന്ധു.ഇ.എ., ശ്രീ. ആഷിഫ്.എം.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ കണ്ട അപാകതകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

1) 82.നം. അംഗൻവാടി

പ്രോജക്ട് നം.82/16 ന്റെ ഭാഗമായി ഇനം 31 ആയി ഇവിടത്തെ ടോയ്ലെറ്റിൽ പി.വി.സി. ഡോർ ശരിയായി സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. മാത്രമല്ല ഡോറിന് വേണ്ടത്ര ഗുണനിലവാരമില്ലെന്നും വാതിലിന്റെ മുകൾഭാഗത്ത് പൊട്ടിയിട്ടുള്ളതായും കണ്ടു. ഈ അപാകതകൾ കരാറുകാരനായ ശ്രീ. സി.എ ബെന്നിയെക്കൊണ്ട് അടിയന്തിരമായി

പരിഹരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) 89 നം. അംഗൻവാടി

പ്രോജക്റ്റ് നം 67/16 ന്റെ ഭാഗമായി ഇവിടെ ട്രസ്സ് വർക്ക് നടത്തിയിട്ടുണ്ട്. പക്ഷെ വെള്ളം ഒഴുകിപ്പോകാനുള്ള പാത്തിയുടെ ചരിവ് ശരിയാകാത്തതിനാൽ മഴ വരുമ്പോൾ വെള്ളം കുത്തനെ അംഗൻവാടി മുറ്റത്തേക്കാ വരുന്നതായി അംഗൻവാടി വർക്കർ അറിയിച്ചു. ഈ അപാകത കരാറുകാനായ ശ്രീ. കെ.എ. ജോൺസനെക്കൊണ്ട് പരിഹരിച്ച് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 പോത്താനി കല്ലന്തറ റോഡ് മെറ്റലിങ് ടാറിങ് -നടപടിക്രമങ്ങളിലെ അപാകതകൾ

പ്രോജക്റ്റ് നം: 126/16,
അടങ്കൽ തുക: 1860000,KWA റിസ്റ്റോറേഷൻ വർക്ക്

കരാറുകാൻ: ശ്രീ. കെ.എം അലിക്കുഞ്ഞി

കരാർ-39AE/LSGD/PDR/6.2.16

നിരക്ക് -24.99%കുറവ്

അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1.24/3/16 ന് പൊതു അവധി ദിവസമായ പെസഹാ വ്യാഴാഴ്ചയാണ് ബിൽ സൂക്ഷ്മപരിശോധന നടത്തിയിട്ടുള്ളത്.

2.അസി. എൻജിനീയർ മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പെർഫോമൻസ് സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. 22/3/16 ന് പെർഫോമൻസ് ഗ്യാരണ്ടി കരാറുകാൻ തിരികെ ആവശ്യപ്പെട്ടു. 21/3/16ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അസി. എൻജിനീയർ കുറിപ്പെഴുതി പെർഫോമൻസ് ഗ്യാരണ്ടി അനുവദിക്കുകയും ചെയ്തു. ത.സ്വ.ഭ.വകുപ്പിന്റെ 9/9/13 ലെ 54044/DC3/13 നം. സർക്കുലർ അനുസരിച്ച് റോഡ് നിർമാണപ്രവൃത്തികൾക്ക് മിനിമം ഗ്യാരണ്ടി ഉറപ്പാക്കേണ്ടതും കേടുപാടുകൾ തീർക്കാൻ കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്. അപ്രകാരം ചെയ്തിട്ടില്ല. കരാറുകാരൻ നിർദിഷ്ട ഫോറത്തിൽ (അപ്പൻഡിക്സ്-200D) അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

3.അപാകതകൾ പരിഹരിക്കൽ കഴിഞ്ഞ് 28 ദിവസത്തിന് ശേഷമാണ് കരാറുകാരന്റെ നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷയിന്മേൽ പെർഫോമൻസ് ഗ്യാരണ്ടി തുക അനുവദിക്കേണ്ടത്.

ശരിയായ നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-6 പൊതു അവധി ദിവസങ്ങളിൽ അളവെട്ടുക്കൽ, ബിൽ സൂക്ഷ്മപരിശോധന

താഴെപറയുന്ന മരാമത്ത് ഫയലുകൾ പരിശോധിച്ചപ്പോൾ പൊതു അവധിദിവസങ്ങളിൽ അളവെട്ടുക്കൽ, ബിൽ സൂക്ഷ്മപരിശോധന എന്നിവ നടത്തിയതായി കണ്ടു.

| ക്രമ നം. | പ്രോജക്റ്റ് നം.പ്രവൃത്തി | അളവുപുസ്തകം | കുറിപ്പുകൾ |
|---|---|---|---|
| 1. | 127/16,പഞ്ചായത്ത് കളിസ്ഥലം നവീകരണം | 45/15-16 | ബിൽ സൂക്ഷ്മപരിശോധന 25/3/16 ദുഖവെള്ളിയാഴ്ച |
| 2. | 90/16,വീനസ് അംഗൻവാടി നടപ്പാലം | 49/15-16 | അളവെട്ടുക്കൽ 24/3/16 പെസഹാ വ്യാഴാഴ്ചയാണ്. |
| 3. | 50/16 ,വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി | 45/15-16 | ബിൽ സൂക്ഷ്മപരിശോധന24/3/16 പെസഹാ വ്യഴാഴ്ച |

പൊതു ഒഴിവുദിവസങ്ങളിൽ അളവെട്ടുക്കൽ, ബിൽ സൂക്ഷ്മപരിശോധന എന്നിവ നടത്തിയത് ശരിയായ നടപടിക്രമമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

## 3-7 മരാമത്ത് പരമാവധി പ്രോജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്

സാമ്പത്തികവർഷം 61 പ്രോജക്റ്റുകൾ ആവിഷ്കരിച്ചുവെങ്കിലും 41 പ്രോജക്റ്റുകൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. 17407039/- രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ളതിൽ 13439153/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 17 പ്രോജക്റ്റുകൾക്ക് തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല (27.86%). പടിയൂർ ഗ്രാമപഞ്ചായത്തിന് പുറമെ പൂമംഗലം ഗ്രാമപഞ്ചായത്തിന് കൂടി ഇവിടെയുള്ള അസി.എൻജിനീയറുടെ സേവനം ലഭ്യമാണ്. രണ്ട് ഓവർസിയർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. വേണ്ടത്ര ജീവനക്കാരുണ്ടായിട്ടും പ്രോജക്റ്റുകൾ നടപ്പിലാക്കാൻ കഴിയാതെ പോകുന്നത് ഖേദകരമാണ്. ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾ പരമാവധി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും ലഭ്യമാകാവുന്ന ഫണ്ട് പരമാവധി പ്രയോജനപ്പെടുത്താൻ ഭാവിയിൽ പരിശ്രമിക്കേണ്ടതുമാണ്.

## 3-8 ടാറിങ് ഉൾപ്പെടാത്ത റോഡ് പ്രവൃത്തി

റോഡുകളുടെ കെട്ടുറപ്പുള്ള നിർമാണപ്രവൃത്തിക്കായി അവയുടെ സോളിങ് നടത്തി ഒരു മൺസൂൺ കാലശേഷം ടാറിങ് പ്രവൃത്തി ചെയ്യേണ്ടതാണ്. ഈ രീതിയിൽ പ്രോജക്ടുകൾ ഏകവർഷമായോ, ദ്വിവർഷമായോ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഒരു ലക്ഷം രൂപ വകയിരുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ ഐശ്വര്യ റോഡ് സോളിങ് മെറ്റലിങ് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.113/16) ഫലമായി 37.800 മീറ്റർ സോളിങ്, മെറ്റലിങ് എന്നീ പ്രവൃത്തികളാണ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ റോഡിന്റെ ടാറിങ് പ്രവൃത്തി ചെയ്യാൻ നിലവിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ആയത് ചെയ്യാത്ത പക്ഷം എത്രയും വേഗം പ്രോജക്ട് ആവിഷ്കരിച്ച് ടാറിങ് പ്രവൃത്തി കുറ്റമറ്റ രീതിയിൽ നടത്തി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ചലാൻ ലഭ്യമാക്കിയിട്ടില്ല

1)ബ്ലോക്ക് വിഹിതം തിരികെ അടവാക്കിയത് -ചലാൻ ലഭ്യമാക്കിയിട്ടില്ല
ട്രഷറി ബിൽനം/തീയതി -13/14-10-15

തുക -13700

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പഠന സഹായം 125000/- രൂപ ലഭിച്ചതിൽ 1,11,300/- രൂപ ചെലവ് കഴിച്ച് ബാക്കി 13700/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയതിന്റെ ചലാൻ ലഭ്യമാക്കിയിട്ടില്ല.

2)അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ടി.എസ്.പി. തിരിച്ചടവിനത്തിൽ ട്രഷറി ബിൽ പ്രകാരം 9000 രൂപ (ബിൽ നം. തി. 14/26.3.16) തിരിച്ചടവാക്കിയിട്ടുണ്ട്. ആയതിന്റെ ചലാൻ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 മീഡിയാശ്രീ - വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് -S0072/16

ട്രഷറി ബിൽനം/തീയതി -28/29.2.2016

തുക -65000

ഡി.ഡി. നം. -717464/29-2-16

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീപദ്ധതിയുടെ ഭാഗമായി പടിയൂർ ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും പദ്ധതികളും ഡോക്യുമെന്ററിയാക്കുന്ന പ്രവർത്തനത്തിനുവേണ്ടി കുടുംബശ്രീ സ്റ്റേറ്റ് മിഷന് മേൽ തുക കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

# 3-11 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം.27/16

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

ബിൽ നം. തി. 8/23.03.16- തുക 250000/-

ഡിഡി നം. തി.5601862/21.03.16- തുക 125000/-

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം താഴെ പറയുന്ന തുക വകയിരുത്തി.

വികസന ഫണ്ട് -250000/-

ബ്ലോക്ക് വിഹിതം -125000/-

ജില്ലാ പഞ്ചായത്ത് വിഹിതം -125000/-

ആകെ -500000/-

മേൽ പ്രോജക്ടിന് 500000 രൂപ വകയിരുത്തിയെങ്കിലും 375000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നുവെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് ലഭിക്കാൻ അർഹതയുള്ള മുഴുവൻ തുകയും നൽകുവാൻ കഴിഞ്ഞിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 11100 രൂപയും ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് 6150 രൂപയും മാത്രമാണ് പരമാവധി നൽകിയിട്ടുള്ളത്. മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 കന്നുകുട്ടി പരിപാലനപദ്ധതി -വിനിയോഗവിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

പ്രോജക്ട് നം. 22/16.

ബിൽ നം. 01/28.10.15 .വികസന ഫണ്ട് - 156250/-

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 25 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായി 156250/- രൂപ ഡിഡി നം. 713729/28.10.15 പ്രകാരം എസ്.എൽ.ബി.പി. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

എസ്.എൽ.ബി.പി. പ്രോജക്ട് ഓഫീസർ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം പദ്ധതി വിഹിതം 58553/രൂപ നാളിതു വരെ ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ തീറ്റ വാങ്ങാതെയും, മറ്റു ഗുണഭോക്താക്കൾ ഇടക്ക് വെച്ച് തീറ്റ വാങ്ങൽ നിർത്തിയതായും സൊസൈറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു. പദ്ധതി വിഹിതമായി ഒരു ഗുണഭോക്താവിന് 6250/- രൂപ കൈമാറിയിട്ടുണ്ട്. ഇതിന് പുറമേ സംസ്ഥാന വിഹിതം 6250/-രൂപയും എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ഉപയോഗപ്പെടുത്തിയ സബ്സിഡി | ശേഷിക്കുന്ന സബ്സിഡി |
|---|---|---|
| മിനി വിജിത്ത്<br>അടിപറമ്പിൽ,പടിയൂർ | 0 | 12500/- |
| ശ്രീദേവി<br>ഓലിപറമ്പിൽ,പടിയൂർ | 0 | 12500/- |
| സതി രമേശ്<br>വല്ലൂപറമ്പിൽ, പടിയൂർ | 3060 | 9440 |
| ലതഗോപാലകൃഷ്ണൻ<br>തെക്കൂട്ട്, പടിയൂർ | 4080 | 8420 |
| രാമദാസ്<br>പനങ്ങാട്ട്, പടിയൂർ | 3570 | 8930 |

എസ്.എൽ.ബി.പി.യിൽ അധികം അവശേഷിക്കുന്ന തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഐ.എ.വൈ.(എസ്.സി) പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ- 39/16
ബിൽ നം/തി- 3/31.12.2015- തുക 320000/-
ഐ.എ.വൈ.(എസ്.സി) പദ്ധതി പ്രകാരം 320000/-രൂപ ഡിഡി നം. 715685/06.01.16) പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല. ഈയിനത്തിൽ നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ PHC നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 25000 രൂപ നൽകിയിട്ടുണ്ട് (S0019/16 ,ഡിഡി നം. 617931/16-9-15). എന്നാൽ 18121 രൂപയുടെ മരുന്നുകൾ ആണ് ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽഓഫീസർ ,ഹോമിയോ

പദ്ധതി -SOO 70/16

വികസനഫണ്ട് -തുക 150000/-

ട്രഷറി ബിൽനം-1/19-1-16- തുക 150000/-

ഹോമിയോആശുപത്രിയിലേക്ക് മരുന്നുകൾ എന്നപദ്ധതിക്കായി പ്രൊഫോർമ ഇൻവോയ്സ് PF-811/13.11.15 പ്രകാരം 150000 രൂപ ആലപ്പുഴയിലെ കേരള ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിയിലേക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നം, -716278/19-01-16). എന്നാൽ മരുന്നുകൾ ഇതുവരേയും ലഭ്യമായിട്ടില്ല. സ്ഥാപനവുമായി മരുന്നു വിതരണം സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 38/16-17/GHDP,dt.04.09.16 പ്രകാരം കേരള ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 വെള്ളക്കരം ഭീമമായ കുടിശ്ശിക, പിഴപ്പലിശ

കേരള വാട്ടർ അതോറിറ്റിയുടെ 8/11/16 ലെ 411 നം.ബിൽ പ്രകാരം 30/11/16 വരെയുള്ള വെള്ളക്കരം കുടിശ്ശിക 3681833 രൂപയാണ്. 61502 രൂപയാണ് പിഴയായി കാണിച്ചിരിക്കുന്നത്.സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ 264 ടാപ്പുകളാണ് നിലവിലുള്ളതെങ്കിലും 266 ടാപ്പുകളുടെ വെള്ളക്കരം ആണ് അടക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത് (19 ടാപ്പുകളാണ് ഉപയോഗശൂന്യമായി കണ്ടെത്തിയിരുന്നത്. 2015-16 വർഷം 17 ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് കുറവ് വരുത്തിയത്). 266 ടാപ്പുകൾക്ക് വെള്ളക്കരം ആവശ്യപ്പെട്ടിട്ടുള്ളതിന്റെ കാരണമന്വേഷിക്കേണ്ടതാണ്. ഇപ്പോഴും 266 ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നുണ്ട്. ഭീമമായ കുടിശ്ശിക ഈയിനത്തിലുണ്ടാവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-17 ലോഗ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

പഞ്ചായത്ത് വാഹനമായ ബൊലെറോ (കെ.എൽ.45-D 549) ജീപ്പിന്റെ ലോഗ്ബുക്കിൽ എല്ലാമാസവും അതാത് മാസം വാഹനം ഓടിയ ദൂരം, വാങ്ങിയ ഇന്ധനം, ഇന്ധന ഉപയോഗം എന്നിവ സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുന്നുണ്ടെങ്കിലും ആയത് കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഇന്ധനം വാങ്ങുന്നത് രേഖപ്പെടുത്തുന്നതിനായി ഫ്യൂവൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-18 ആസ്തിരജിസ്റ്റർ

GO(MS)255/13/എൽ.എസ്.ജി.ഡി/ 18.07.13നം ഉത്തരവിൽ ആസ്തിരജിസ്റ്റർ കാലികമാക്കാൻ നിർദേശിച്ചിട്ടുണ്ട്. പക്ഷെ ഗ്രാമ പഞ്ചായത്തിൽ ഡിജിറ്റലായി സൂക്ഷിച്ചിട്ടുള്ള ആസ്തിരജിസ്റ്ററിൽ മരാമത്ത് പ്രവൃത്തി അറ്റകുറ്റപ്പണികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുസൃതമായി ആസ്തിരജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 3-19 തൊഴിലുറപ്പ് പദ്ധതി

തൻവർഷം വരവുവന്ന (പലിശയടക്കം) 10051755രൂപയിൽ 10049594 രൂപയും ചെലവഴിച്ചിട്ടുണ്ട്. 928പദ്ധതികൾ ആവിഷ്കരിച്ചതിൽ 279 പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 2252 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയതിൽ 804 കുടുംബങ്ങളാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. 35 ശതമാനം (281) കുടുംബങ്ങൾക്ക് മാത്രമേ 100 ദിവസത്തെ തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. ആസ്തി സൃഷ്ടിച്ച ഒരു പ്രവൃത്തി മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്യുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസത്തെ തൊഴിൽ നൽകാനും ആസ്തികൾ സൃഷ്ടിക്കുവാനുതകുന്ന

പരമാവധി പ്രവൃത്തികൾ ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000/- | ആശ്രയ | 50000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 125000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 700000/- | പണ്ടാരത്തറ ഗാന്ധിഗ്രാം റോഡ് | 700000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | പരിരക്ഷ- പെയിൻ & പാലിയേറ്റീവ് കെയർ | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

തൻവർഷം ഡെപ്പോസിറ്റ് വർക്കിനായി പ്രവൃത്തി നടത്തുന്നതിന് തുക നൽകിയിട്ടില്ല. മുൻ വർഷങ്ങളിലെ വിവരം ലഭ്യമല്ല.

# 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ജി.ഒ.975/2010 /ത.സ്വ.ഭ.വ. തി. 22.03.10 | 10711500 | 2302400 | 600000 | - | 1702400 |

- 

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-2 | 500 | രതീഷ്,ഡ്രൈവർ പടിയൂർ | 11505100419/4.6.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.1 | 2006-07 | 3.53.3 | കുടിവെള്ള ജലസേചന പദ്ധതികളുടെ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നൽകി. | 12.11.2007ലെ ജി.ഒ(ആർടി)3062/2007 /തസ്വഭവ നം ഉത്തരവ് പ്രകാരം കുടിവെള്ളപദ്ധതികളുടെ തുടർചെലവുകൾ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചത് സാധൂകരിച്ചിട്ടുള്ളതിനാൽ തടസ്സം ഒഴിവാക്കാൻ അപേക്ഷിച്ചിട്ടുണ്ട്. |
| 2002-03 | 3.6 | 2006-07 | 3.53.4 | നിക്ഷേപ ജോലികൾ പണി പൂർത്തിയാക്കിയിട്ടില്ല. | 355000/-രൂപയുടെ നിക്ഷേപ ജോലികൾ പൂർത്തിയായത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3.6 | 2006-07 | 3.53.4(7) | നിക്ഷേപ ജോലികൾ<br><br>പണി പൂർത്തിയാക്കിയിട്ടില്ല. | കേരളവാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27454721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35808867 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 320000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-13 | 320000 | ആർ.നന്ദകുമാർ അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | 12-292/12/ 12.9.97 | 4 | |
| 1977-78 | " | 24 | |
| 1978-79 | " | 22 | |
| 1982-83 | 12/292/ 19.2.97 | 5, 19 | |
| 1983-84 | 264/11(1)/18.5.11 | 4c, 5, 15b | |
| 1984-85 | “ | 14a, c, 3, 12, 13, 15, 16, 17 | |
| 1985-86 | “ | 3, 11, 12, 13, 14, 15 | |
| 1986-87& 87-88 | 292/ 19.2.97 | 14 | |

| | | | |
|---|---|---|---|
| 88-89 & 89-90 | 264/11(1)/ 19.5.11 | 7,8 | |
| 90-91 | 292/ 19.2.97 | 4 | |
| 92-93 & 93-94 | 12-1624/95/23.7.96 | 5 | |
| 94-95 & 95-96 | 12-1929/97/7.3.97 | | |
| 96-97 | 12-1456/96/3.11.98 | | |
| 97-98 | 12-475/99/29.5.99 | | |
| 98-99 | 12-54/2000/12.6.2000 | | |
| 99-2000 | 12-1703/2000/6.2.2001 | | |
| 2000-01&01-02 | 12-1780/03/26.2.04 | | |
| 2002-03 | 12-1916/09/13.7.2006 | 2-2, 2-3(1), (2), 2-4, 2-6, 3-1(a), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(a), 3-9 | |
| 2003-04 | 9-1863/05/13.7.2006 | 2-7(2), 3-1, 3-3, 3-4, 3-5, 3-6, 3-8 (a,b), 3-10, 3-13 | |
| 2004-05 | 9-373/09/8.7.10/16.8.10 | 2-3, 2-4, 3-5, 3-6(a), (b), (c), (d), 3-7, 3-8, 3-9, 3-10, 3-14 | |
| 2005-06 | 9-1980/09/22.9.10 | 2-2, 3-1, 3-3(4), 3-4, 3-6, 3-7, 3-8, 3-10 | |
| 2006-07 | 9-1983/09/22.9.10 | 2-2(b), 2-3, 2-4, 3-1, 3-2, 3-3, 3-4, 3-6, 3-7(i)(ii)(iii)(iv)(v)(vi), 3-10 | |
| 2007-08 – 2010-2011 | 1-1660/2012/8.2.13/1.6.13 | | |
| 2011-12 | 1-1431/13/9.1.14 | | |
| 2012-13 | 1-1269/14/12.12.14/12.3.15 | | |
| 2013-14 | കെ.എസ്.എ.ടി. എസ്. ആർ. (പി1)233/16 | | |

| | | | |
|---|---|---|---|
| | തി.17.02.16.. | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി1)982/16 തി.14.06.16.. | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം -1

# AUDIT CERTIFICATE

No.KSA-TSR(P1)2128/2016

Kerala State Audit Department.

District Audit Office,

Thrissur – 680020
Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 25.01.2017

Certified that I have audited the Annaual Fianacial Statement of padiyur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Padiyur Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

നം.കെ.എസ്.എ.ടി.എസ്.ആർ(പി1)2128/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 25.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.